2. ഓർഫനേജിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം വേണം.

3. അന്തേവാസികൾക്ക് ഗ്രാന്റ് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് വേണം.

4. അനാഥരോ അഗതികളോ ആയിരിക്കണം ഓർഫനേജിലെ അന്തേവാസികൾ.

5. അഗതികളാണെങ്കിൽ രക്ഷകർത്താവിന്റെ പ്രതിവർഷ വരുമാനം 11,000 രൂപയിൽ താഴെയായിരിക്കണം.

6. കുടുംബ വാർഷിക വരുമാനം തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് സൂക്ഷിക്കണം.

7. സർക്കാർ സ്ക്കൂളിലോ എയ്ഡഡ് സ്ക്കൂളിലോ ചേർത്ത് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകണം.

8. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഗ്രാന്റാണ് നടപ്പ് സാമ്പത്തിക വർഷം നൽകുന്നത്.

9. ഗ്രാന്റിനായി സ്ഥാപനം നിശ്ചിത ഫാറത്തിൽ അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് നൽകണം.

10. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ ഓർഫനേജ് സന്ദർശിച്ച് പരിശോധന നടത്തി അർഹതയുള്ള കുട്ടികൾക്ക് താമസകാലം കണക്കാക്കി ഗ്രാന്റ് നിശ്ചയിച്ച് അർഹതാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു. അർഹതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഗ്രാന്റ് തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജിം-ൽ ധാരണയായതിനുശേഷം തുടങ്ങാതെപോയ വ്യവസായങ്ങൾ

1 [3436] *ശ്രീ. മഞ്ഞളാംകുഴി അലി:*

„ *കോടിയേരി ബാലകൃഷ്ണൻ:*

„ *വി. ചെന്താമരാക്ഷൻ :*

„ *എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിംഗിൽ (ജിം) ഒപ്പുവച്ച ധാരണാ പത്രങ്ങളിൽ ഏതിന്റെയെങ്കിലും കാലാവധി കഴിഞ്ഞുപോയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലാവധി അവസാനിച്ച എത്ര കേസ്സുകളിൽ നിക്ഷേപകർ ധാരണാപത്രം പുതുക്കുകയുണ്ടായിട്ടുണ്ട്;

(സി) തുടർ നടപടികൾ പാടെ നിലച്ചുപോയ കേസ്സുകൾ എത്ര;

(ഡി) ജിം-ൽ ധാരണയായ ഏതെല്ലാം പദ്ധതികൾക്ക് സർക്കാർ ഭൂമി നൽകുകയുണ്ടായി;

(ഇ) സാധാരണഗതിയിൽതന്നെ സ്ഥാപിക്കപ്പെടുമായിരുന്ന ഏതെങ്കിലും വ്യവസായം ജിം ആനുകൂല്യം നേടിക്കൊണ്ട് സ്ഥാപിക്കപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജിം-ൽ ഒപ്പുവച്ച 96 ധാരണാപത്രങ്ങളുടെയും കാലാവധി കഴിഞ്ഞു. എന്നാൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടർനടപടികൾ സ്വീകരിച്ചു കഴിഞ്ഞാൽ ധാരണാപത്രം പുതുക്കേണ്ട ആവശ്യം വരുന്നില്ല.

(സി) 19 പദ്ധതികൾക്ക് തുടർ നടപടി ഉള്ളതായി കാണുന്നില്ല.

(ഡി) പദ്ധതികൾക്കൊന്നും തന്നെ സർക്കാർ ഭൂമി നൽകിയിട്ടില്ല.

(ഇ) ഇല്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളുടെ നിയമനത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ

2 [3438] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

" *മാങ്കോട് രാധാകൃഷ്ണൻ:*

" *പി. നാരായണൻ :*

" *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളുടെ നിയമനത്തിന് ഇന്ന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെത്ര; പ്രസ്തുത സ്ഥാപനങ്ങളിലായി മൊത്തം എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly